സൂറഃ-8

# അൽ അൻഫാൽ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱسْتَجِيبُوا۟ لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ ۖ وَٱعْلَمُوٓا۟ أَنَّ ٱللَّهَ يَحُولُ بَيْنَ ٱلْمَرْءِ وَقَلْبِهِۦ وَأَنَّهُۥٓ إِلَيْهِ تُحْشَرُونَ ﴿٢٤﴾

**24.** അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിന്റെയും ദൂതന്റെയും വിളിക്കുത്തരം നൽകുവിൻ; അദ്ദേഹം നിങ്ങളെ ജീവദായകമായതിലേക്ക് വിളിക്കുമ്പോൾ. അറിഞ്ഞിരിക്കുവിൻ, അല്ലാഹു മനുഷ്യന്നും അവന്റെ മനസ്സിനുമിടയിൽ മറയിട്ടുകളയും; നിങ്ങളെയൊക്കെയും അവങ്കലേക്ക് ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യും.

وَٱتَّقُوا۟ فِتْنَةً لَّا تُصِيبَنَّ ٱلَّذِينَ ظَلَمُوا۟ مِنكُمْ خَآصَّةً ۖ وَٱعْلَمُوٓا۟ أَنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿٢٥﴾

**25.** നിങ്ങളിൽ കുറ്റം ചെയ്തവരെ മാത്രമായിട്ടല്ലാതെ, സമൂഹത്തെ പൊതുവായി ബാധിക്കുന്ന കുഴപ്പങ്ങളെ സൂക്ഷിക്കുവിൻ. അറിഞ്ഞിരിക്കുവിൻ, അല്ലാഹു കൊടിയ ശിക്ഷകനാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ = അല്ലയോ വിശ്വസിച്ചവരേ

ٱسْتَجِيبُوا۟ لِلَّهِ = നിങ്ങൾ അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുവിൻ, അനുകൂലമായി പ്രതികരിക്കുവിൻ

وَلِلرَّسُولِ = (ദൈവ)ദൂതന്റെയും إِذَا دَعَاكُمْ = അദ്ദേഹം നിങ്ങളെ വിളിക്കുമ്പോൾ, വിളിച്ചാൽ

لِمَا يُحْيِيكُمْ = നിങ്ങളെ ജീവിപ്പിക്കുന്നതിന് (ജീവദായകമായതിലേക്ക്) وَٱعْلَمُوٓا۟ = നിങ്ങൾ അറിഞ്ഞിരിക്കുവിൻ

أَنَّ ٱللَّهَ = നിശ്ചയം അല്ലാഹു يَحُولُ = അവൻ മറയിടും بَيْنَ ٱلْمَرْءِ وَقَلْبِهِۦ = മനുഷ്യന്നും അവന്റെ മനസ്സിനുമിടയിൽ

وَأَنَّهُۥٓ إِلَيْهِ تُحْشَرُونَ = തീർച്ചയായും നിങ്ങൾ അവങ്കലേക്ക് ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യും وَٱتَّقُوا۟ = നിങ്ങൾ സൂക്ഷിക്കുവിൻ

فِتْنَةً = പീഡനത്തെ, പരീക്ഷണത്തെ (കുഴപ്പങ്ങളെ) لَّا تُصِيبَنَّ = അത് ബാധിക്കുകയില്ല (ബാധിക്കുന്ന)

ٱلَّذِينَ ظَلَمُوا۟ مِنكُمْ خَآصَّةً = നിങ്ങളിൽ കുറ്റം ചെയ്തവരെ പ്രത്യേകമായിട്ടല്ലാതെ (സമൂഹത്തെ പൊതുവായി)

وَٱعْلَمُوٓا۟ = അറിഞ്ഞിരിക്കുവിൻ أَنَّ ٱللَّهَ = നിശ്ചയം അല്ലാഹു شَدِيدُ ٱلْعِقَابِ = കൊടിയ ശിക്ഷകനാകുന്നു

**24:** അല്ലാഹുവിനെയും പ്രവാചകനെയും അനുസരിക്കണമെന്നും പ്രവാചകന്റെ ആഹ്വാനം കേൾക്കുമ്പോൾ പിന്തിരിഞ്ഞുപോകരുതെന്നും കൽപിക്കുന്ന 20-ാം സൂക്തത്തിന്റെ തുടർച്ചയാണിത്. إِذَا دَعَاكُمْ (നിങ്ങളെ വിളിക്കുമ്പോൾ) എന്നതുകൊണ്ടുദ്ദേശ്യം വെറും വിളിയല്ല. നിങ്ങളെ ഉപദേശിക്കുമ്പോൾ, പ്രബോധനം ചെയ്യുമ്പോൾ, ഒരു സംരംഭത്തിലേർപ്പെടാൻ ആഹ്വാനം ചെയ്യുമ്പോൾ എന്നീ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ് إِذَا دَعَاكُمْ എന്ന വാക്ക്. استجاب എന്ന ക്രിയയുടെ ബഹുവചന കൽപനാവാക്കാണ് ٱسْتَجِيبُوا۟. جواب(ഉത്തരം) എന്നാണിതിന്റെ മൂലപദം. അത് اجابة എന്നാകുമ്പോൾ ഉത്തരം പറയൽ, പറഞ്ഞതിനു മറുപടി പറയൽ എന്നും അർഥമാകുന്നു. استجابة എന്നാകുമ്പോൾ അർഥം അനുകൂലമായി പ്രതികരിക്കുക, ആവശ്യപ്പെട്ട കാര്യം നിറവേറ്റുക എന്നെല്ലാമാകുന്നു. ٱدْعُونِىٓ أَسْتَجِبْ لَكُمْ (എന്നോട് പ്രാർഥിക്കുവിൻ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം) എന്നാൽ എന്നെ വിളിച്ചാൽ ഞാൻ എന്തോ എന്ന് വിളി കേൾക്കാം എന്നല്ല, നിങ്ങൾ പ്രാർഥിച്ച കാര്യം സാധിപ്പിച്ചുതരാം എന്നാണർഥം. ഈ അർഥത്തിലാണ് ഇവിടെയും ٱسْتَجِيبُوا۟ എന്നുപയോഗിച്ചിരിക്കുന്നത്. അതായത്, പ്രവാചകൻ ഉപദേശിച്ച, ആവശ്യപ്പെട്ട കാര്യം എന്താണോ അത് നിറവേറ്റുവിൻ എന്ന്. അതാണ്

യഥാർഥത്തിലുള്ള പ്രവാചകനെ കേൾക്കൽ. പ്രവാചകന്റെ കൽപനകളും നിർദേശങ്ങളും ചെവികൊണ്ട് കേൾക്കുകയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നത് കേട്ടുകൊണ്ട് പിന്തിരിയലാണ്, അല്ലെങ്കിൽ കേൾക്കാതെ കേട്ടു എന്നവകാശപ്പെടലാണ്.

മനുഷ്യന്റെ മനുഷ്യത്വം അവന്റെ ബുദ്ധിയിലും ചിന്താശേഷിയിലും അധിഷ്ഠിതമാകുന്നു. കേവല ജീവൻ മൃഗങ്ങൾക്കും സസ്യങ്ങൾക്കുമൊക്കെയുണ്ട്. അവയുടെ ജീവിതം ശരീരത്തിന്റെ മാത്രം ജീവിതമാണ്. ശാരീരികാവശ്യങ്ങൾ പൂർത്തീകരിക്കുകയെന്നതിനപ്പുറമൊരു ജീവിതം അവക്കില്ല. മനുഷ്യന് ജന്തുസഹജമായ ജഡികാവശ്യങ്ങൾക്കപ്പുറം മാനസികമായ, ആത്മീയമായ ചില ആവശ്യങ്ങൾ കൂടിയുണ്ട്. അതുകൂടി പൂർത്തിയാക്കപ്പെടുമ്പോഴേ അവന്റെ ജീവിതം പൂർണമാകൂ. ജഡികാവശ്യങ്ങൾ പൂർത്തീകരിക്കാൻ ജന്മവാസനയനുസരിച്ച് ശരീരത്തെ പ്രവർത്തിപ്പിച്ചാൽ മതി. ബുദ്ധിയുപയോഗിച്ച് ചിന്തിക്കുകയോ കാര്യങ്ങൾ ആസൂത്രണം ചെയ്യുകയോ ഒന്നും വേണ്ട. എന്നാൽ, ആത്മീയാവശ്യങ്ങൾ തിരിച്ചറിയാൻ ബുദ്ധിയും ചിന്തയും ഉപയോഗിക്കേണ്ടതുണ്ട്. തിരിച്ചറിഞ്ഞ ആവശ്യങ്ങൾ നേടിയെടുക്കാനും അത് രണ്ടും നന്നായി ഉപയോഗിക്കണം. ബുദ്ധിയും ചിന്തയും ഉപയോഗപ്പെടുത്താത്തവരുടെ പഞ്ചേന്ദ്രിയങ്ങൾ കാലികളുടേതുപോലെയാണ്. അവർക്ക് മനുഷ്യരുടെ കേൾവിയോ കാഴ്ചയോ ഇല്ല. അവരുടെ മാനവികത മൃതമായിക്കിടക്കുകയാണ്. ചിന്തിക്കുന്ന മനുഷ്യർക്കേ യഥാർഥ ആത്മീയാനുഭൂതിയും ധാർമികമൂല്യങ്ങളും ഉൾക്കൊള്ളാനാകൂ. പ്രവാചകന്മാരുടെ പ്രബോധനവും ഗുരുജനങ്ങളുടെ തത്ത്വോപദേശങ്ങളും കൈക്കൊള്ളാനും അവർക്കേ കഴിയൂ. അല്ലാഹുവിന്റെയും റസൂലിന്റെയും വിളിയഥാർഥ മാനവികജീവിതത്തിലേക്കുള്ള വിളിയാണ്. ആ വിളികേൾക്കുന്നതിലൂടെ മനുഷ്യന് തന്നിലും തന്റെ ചുറ്റിലും ഒളിഞ്ഞുകിടക്കുന്ന ഉണ്മയുടെ യാഥാർഥ്യങ്ങളിലേക്കുള്ള വെളിച്ചം കിട്ടുന്നു. താനാരാണെന്നും തന്റെ ധർമമെന്താണെന്നും അത് നിർവഹിക്കേണ്ടതെങ്ങനെയാണെന്നും അവൻ തിരിച്ചറിയുന്നു. 'മനുഷ്യൻ ജീവിക്കുന്നത് അപ്പം കൊണ്ടല്ല; പ്രത്യുത ദൈവത്തിങ്കൽനിന്നുള്ള വചനം കൊണ്ടാണ്' എന്ന പ്രസ്താവനയിലൂടെ ഈസാ(അ) വ്യക്തമാക്കിയത് ഈ യാഥാർഥ്യമാണ്. ദൈവികവചനങ്ങൾ കൈക്കൊള്ളാത്തവന് മാനസികമായ ജീവിതമില്ലാത്തതുകൊണ്ടാണ് സത്യനിഷേധികളെ ഖുർആൻ പലയിടത്തും 'മരിച്ചവർ' എന്ന് വിളിച്ചിട്ടുള്ളത്.

وَمَا يَسْتَوِى ٱلْأَحْيَآءُ وَلَا ٱلْأَمْوَٰتُ ۚ إِنَّ ٱللَّهَ يُسْمِعُ مَن يَشَآءُ ۖ وَمَآ أَنتَ بِمُسْمِعٍ
مَّن فِى ٱلْقُبُورِ ﴿٢٢﴾

(ജീവിച്ചിരിക്കുന്നവരും മരിച്ചവരും ഒരുപോലെയല്ല. അല്ലാഹു അവനിഛിക്കുന്നവരെ കേൾപ്പിക്കുന്നു. ശ്മശാനങ്ങളിലുള്ളവരെ കേൾപ്പിക്കാൻ നിനക്കാവില്ല -35:22). إِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ (മരിച്ചവരെ നിനക്ക് കേൾപ്പിക്കാനാവില്ല-27:80, 30:52). *അൽ അൻആം* 122-ാം സൂക്തത്തിൽ സത്യവിശ്വാസിയുടെയും അവിശ്വാസിയുടെയും അവസ്ഥകൾ തമ്മിലുള്ള അന്തരം സൂചിപ്പിച്ചുകൊണ്ട് അല്ലാഹു ചോദിക്കുന്നു:

أَوَمَن كَانَ مَيْتًا فَأَحْيَيْنَٰهُ وَجَعَلْنَا لَهُۥ نُورًا يَمْشِى
بِهِۦ فِى ٱلنَّاسِ كَمَن مَّثَلُهُۥ فِى ٱلظُّلُمَٰتِ لَيْسَ بِخَارِجٍ
مِّنْهَا ۚ

(മൃതനായിരുന്ന ഒരുവൻ, അവനെ നാം ജീവിപ്പിച്ചു. എന്നിട്ട് ഒരു വെളിച്ചം പ്രദാനം ചെയ്തു. ആ വെളിച്ചത്തിൽ അവൻ ജനത്തിനിടയിൽ നടക്കുന്നു. അങ്ങനെയുള്ളവൻ ഒരിക്കലും മോചനമില്ലാത്ത അന്ധകാരങ്ങളിലകപ്പെട്ടവനെപ്പോലെയായിരിക്കുമോ?)

പ്രവാചകൻ പ്രബോധനം ചെയ്യുന്നത് നിങ്ങളെ മൃത്യുസമാനമായ മൃഗീയതയിൽനിന്ന് ജീവത്തായ മനുഷ്യത്വത്തിലേക്കുയർത്തുന്ന സന്ദേശങ്ങളാകുന്നു എന്നാണ് പ്രകൃത സൂക്തത്തിൽ لِمَا يُحْيِيكُمْ എന്ന വാക്കിന്റെ താൽപര്യം. പ്രവാചകന്റെ വിളിക്കുത്തരം നൽകാതിരിക്കുക എന്നാൽ യഥാർഥ മാനവികജീവിതത്തെ തിരസ്കരിച്ച് ചത്തതിനൊത്ത് ജീവിക്കുക എന്നാണർഥം.

യുദ്ധരംഗത്ത് പ്രവാചകനോടൊപ്പം പൊരുതുന്നതിൽനിന്ന് ഒഴിഞ്ഞുമാറാൻ ആഗ്രഹിക്കുന്നവരെ മുന്നിൽ നിർത്തിയാണല്ലോ ഈ സൂക്തങ്ങൾ അവതരിക്കുന്നത്. ആ സന്ദർഭത്തിൽ لِمَا يُحْيِيكُمْ എന്ന വാക്കിൽ ഇങ്ങനെയൊരാശയം കൂടി ധ്വനിക്കുന്നുണ്ട്: യുദ്ധം ചെയ്യാനുള്ള പ്രവാചകന്റെ നിർദേശം നിങ്ങൾക്ക് അരോചകമായിത്തോന്നുന്നത് ജീവഹാനി ഭയക്കുന്നതുകൊണ്ടാണല്ലോ. എന്നാൽ അസത്യത്തെയും അധർമത്തെയും പരാജയപ്പെടുത്താനും സത്യത്തെയും ധർമത്തെയും സ്ഥാപിക്കാനുമുള്ള പ്രവാചക സന്ദേശം നിങ്ങൾക്ക് യഥാർഥ മാനവികജീവിതം നൽകുകയാണ് ചെയ്യുന്നത്. മറ്റൊരു ധ്വനി ഇതാണ്: ശത്രുക്കൾ കുതിച്ചുവരുമ്പോൾ ഓടിപ്പോകുന്നത് ജീവൻ രക്ഷിക്കാനുള്ള മാർഗമല്ല. അവർ പിന്തുടർന്ന് കൊന്നുകളയും. പ്രവാചകൻ നിർദേശിച്ചതുപോലെ നിശ്ചയദാർഢ്യത്തോടെ ശത്രുക്കളെ ചെറുക്കുകയാണ് ജീവിക്കാനും നിലനിൽക്കാനുമുള്ള യഥാർഥ മാർഗം.

സൂക്തത്തിന്റെ സമാപനമായ وَٱعْلَمُوٓا۟ أَنَّ ٱللَّهَ يَحُولُ بَيْنَ ٱلْمَرْءِ وَقَلْبِهِۦ وَأَنَّهُۥٓ إِلَيْهِ تُحْشَرُونَ എന്ന വാക്യം രണ്ട് താക്കീതുകളാണ്. അവയുടെ ഗൗരവം സൂചിപ്പിക്കുന്നതാണ് وَٱعْلَمُوٓا۟ (അറിയുവിൻ) എന്ന പദം. പ്രത്യേകം ശ്രദ്ധിക്കുവിൻ എന്നാണ് സന്ദർഭത്തിൽ അതിന്റെ അർഥം. أَنَّ ٱللَّهَ يَحُولُ بَيْنَ ٱلْمَرْءِ وَقَلْبِهِۦ എന്നാണ് ഒന്നാമത്തെ താക്കീത്. يَحُولُ -എന്നതിന് മറയിടുന്നു എന്നും മാറ്റുന്നു, മറിക്കുന്നു എന്നും അർഥം കൽപിക്കപ്പെട്ടിട്ടുണ്ട്. ആദ്യത്തെ അർഥം حول എന്ന മൂലത്തിൽനിന്നുള്ളതാകുമ്പോഴും രണ്ടാമത്തെ അർഥം تحويل എന്ന മൂലത്തിൽനിന്നുള്ളതാകുമ്പോഴുമാണ്. അധിക മുഫസ്സിറുകളും സ്വീകരിച്ചിട്ടുള്ളത് ആദ്യത്തെ അർഥമാണ്. مَرْأ മനുഷ്യനാണ്. ഇവിടെ ഉദ്ദേശ്യം മനുഷ്യകർമങ്ങളാണെന്ന് പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു. മനസ്സ്, ഹൃദയം എന്നാണ് قلب-ന് അർഥം. ഇവിടെ അതുകൊണ്ട് ഉദ്ദേശ്യം ബുദ്ധി (عقل)ആണെന്ന് ചില പണ്ഡിതന്മാർ പറയുന്നു. يَحُولُ بَيْنَ ٱلْمَرْءِ وَقَلْبِهِۦ എന്നാൽ 'മനുഷ്യന്നും അവന്റെ ബുദ്ധിക്കുമിടയിൽ മറയിടും'. അതായത് മനുഷ്യന്റെ ഉത്തമ താൽപര്യങ്ങൾക്ക് ആവശ്യമായതൊന്നും അവന്റെ ബുദ്ധിയിൽ തെളിയാതാകും. സൂക്തത്തിന്റെ താൽപര്യമിതാണ്: പ്രവാചകന്റെ കൽപനകൾ ലംഘിക്കാതിരിക്കാൻ സൂക്ഷിക്കുക. അവ ലംഘിച്ചുകൊണ്ടിരുന്നാൽ ക്രമേണ അല്ലാഹു നിങ്ങളുടെ മനസ്സുകൾക്ക് മറവീഴ്ത്തും. പിന്നെ ഉൾക്കണ്ണുകൾക്ക് സത്യം കാണാനും കൈക്കൊള്ളാനും കഴിവില്ലാതാകും. വാക്കും പ്രവൃത്തിയും പരസ്പരം വിരുദ്ധമാകും. കുഫ്റിൽനിന്ന് ഈമാനിലേക്കുള്ള മാർഗം തടയപ്പെടും. രണ്ടാമത്തെ അർഥമനുസരിച്ച്, ദീനിന്റെ കൽപനകൾ സൂക്ഷ്മതയോടെ പാലിച്ചില്ലെങ്കിൽ അല്ലാഹു നിങ്ങളുടെ ചിന്തയെ മാറ്റിമറിക്കും. നിങ്ങളുടെ ഈമാനിനെ കുഫ്റാക്കും. കർമങ്ങളെ ഈമാനിന് വിരുദ്ധമാക്കി മാറ്റും. ഇമാം അഹ്മദുബ്നു ഹമ്പൽ അനസുബ്നു മാലികിൽനിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ പറയുന്നു: يا مُقَلِّبَ الْقُلُوبِ ثَبِّت قَلْبِي عَلَى دِينِك (മനസ്സുകളെ മാറ്റിമറിക്കുന്നവനേ എന്റെ മനസ്സിനെ നിന്റെ ദീനിൽ ഉറപ്പിച്ചുനിർത്തേണമേ) എന്ന് നബി(സ) ധാരാളമായി പ്രാർഥിക്കാറു

ണ്ടായിരുന്നു. ഒരിക്കൽ ഞങ്ങളദ്ദേഹത്തോടു ചോദിച്ചു: തിരുദൂതരേ, അങ്ങിലും അങ്ങ് കൊണ്ടുവന്നതിലും വിശ്വസിച്ചവരാണല്ലോ ഞങ്ങൾ. അങ്ങേക്ക് ഞങ്ങളെക്കുറിച്ച് ഭയമുണ്ടോ? നബി(സ) പറഞ്ഞു: نَعَم إِنَّ القُلوبَ بَيْنَ أَصابِعِ اللهِ تعالى يُقَلِّبها (ഉണ്ട്. മനസ്സുകൾ അത്യുന്നതനായ അല്ലാഹുവിന്റെ വിരലുകൾക്കിടയിലാണ്. അവൻ അതിനെ മറിച്ചുകൊണ്ടിരിക്കും). ഇമാം ത്വബരിയും ഖുർത്വുബിയും ഈ സൂക്തത്തെ വ്യാഖ്യാനിക്കുന്നതിങ്ങനെയാണ്: മനുഷ്യന്റെ ചിന്തയിലും ഇഛയിലും പരമാധിപത്യമുള്ളവനാണ് അല്ലാഹു. അവൻ ഇഛിക്കുംപടി മനസ്സിനെ മാറ്റിമറിച്ചുകൊണ്ടിരിക്കും. പ്രപഞ്ചത്തിലെ മറ്റെല്ലാ പ്രതിഭാസങ്ങളെയും കൈകാര്യം ചെയ്യുന്നതുപോലെ മനസ്സിനെയും അവൻ കൈകാര്യം ചെയ്യുന്നു. ഒരാൾക്ക് ഇന്നലെ ഇഷ്ടപ്പെട്ടതും രസകരവുമായിരുന്നത് ഇന്ന് അനിഷ്ടകരവും അരോചകവുമാകാം. മനസ്സിന്റെ അഭിനിവേശങ്ങളെയും അഭിരുചികളെയും ഉദ്ദേശ്യ ലക്ഷ്യങ്ങളെയുമെല്ലാം അവൻ മാറ്റിമറിച്ചുകൊണ്ടേയിരിക്കും. അതിനാൽ മരണം പോലുള്ള തടസ്സങ്ങൾ നേരിടുന്നതിനു മുമ്പേ അല്ലാഹുവിനോടുള്ള വിധേയത്വവും ദീനിനോടുള്ള പ്രതിബദ്ധതയും വ്യക്തിത്വത്തിന്റെ അവിഭാജ്യ ഘടകമാക്കി ഉറപ്പിക്കാൻ ആഹ്വാനം ചെയ്യുകയാണ് ഈ വാക്യം.

يَحُولُ -വിന്റെ രണ്ടർഥത്തിന്റെയും ആശയം ഒന്നുതന്നെയാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളോടുള്ള കൂറില്ലായ്മയും ലംഘനവും സത്യവിശ്വാസിയെ ക്രമേണ പൂർണമായ സത്യനിഷേധത്തിലേക്കു നയിക്കും. അതാണ് പ്രകൃതി നിയമം- അല്ലാഹുവിന്റെ സുന്നത്ത്. ഖുർആൻ മറ്റു ചില സ്ഥലങ്ങളിൽ خَتَمَ ٱللَّهُ عَلَىٰ قُلُوبِهِمْ (അല്ലാഹു അവരുടെ ഹൃദയങ്ങൾ അടച്ചുപൂട്ടിയിരിക്കുന്നു) എന്ന വാക്കിൽ അവതരിപ്പിച്ചിട്ടുള്ള ആശയം തന്നെയാണിത്.

തിന്മയിലാകൃഷ്ടനാകുന്ന മനുഷ്യൻ ആദ്യഘട്ടങ്ങളിൽ അതേപ്പറ്റി സ്വയം ബോധവാനായിരിക്കാം. അല്ലെങ്കിൽ മറ്റുള്ളവരാൽ ബോധവത്കരിക്കപ്പെടാം. ഈ അവസ്ഥയിൽ, അവനാഗ്രഹിക്കുകയാണെങ്കിൽ തെറ്റുതിരുത്താനും ശരിയിലേക്ക് മടങ്ങാനും കഴിയും. ഈദശ പിന്നിട്ടുകഴിഞ്ഞാൽ പിന്നെ തെറ്റും ശരിയും സ്വയം മനസ്സിലാക്കിയാലും ശരി, മറ്റുള്ളവർ മനസ്സിലാക്കിക്കൊടുത്താലും ശരി, അയാൾക്ക് പിന്തിരിയാനാവില്ല. അവന്റെ മനസ്സിന്റെ കടിഞ്ഞാൺ അറ്റുപോയിരിക്കും. ദുഷ്പ്രവണതകളുടെയും ദുർവൃത്തികളുടെയും കറ അതിനെ സത്യത്തിന്റെ വെളിച്ചം കടക്കാത്തവിധം പൊതിഞ്ഞു മറച്ചിരിക്കും. പിന്നെ സാരോപദേശങ്ങളും ധർമസൂക്തങ്ങളുമൊന്നും ആ മനസ്സിൽ കയറുകയില്ല.

إِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا قَالَ أَسَٰطِيرُ ٱلْأَوَّلِينَ ﴿١٣﴾ كَلَّا ۖ بَلْ ۜ رَانَ عَلَىٰ قُلُوبِهِم مَّا كَانُوا۟ يَكْسِبُونَ ﴿١٤﴾

(നമ്മുടെ സൂക്തങ്ങൾ ഓതിക്കൊടുക്കുമ്പോൾ അവൻ ഘോഷിക്കുന്നു. ഇതോ, പഴംപുരാണങ്ങൾതന്നെ. ഒരിക്കലുമല്ല. പ്രത്യുത അക്കൂട്ടരുടെ മനസ്സുകളിൽ സ്വന്തം കർമദോഷങ്ങളുടെ കറ പിടിച്ചിരിക്കുകയാകുന്നു-83:13,14).

പ്രകൃത സൂക്തം കപടവിശ്വാസികളെയും വിശ്വാസ ശോഷണം ബാധിച്ചവരെയും താക്കീതു ചെയ്യുകയാണ്: തെറ്റുകൾ തിരുത്താനും വീഴ്ചകൾ പരിഹരിക്കാനും നിങ്ങൾക്ക് ഇപ്പോഴും അവസരമുണ്ട്. ഈ അവസരം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ മനസ്സുകൾ വെളിച്ചം കടക്കാത്തവിധം കറപിടിക്കുകയും അടച്ചുപൂട്ടപ്പെടുകയും ചെയ്യും. പിന്നെ തിരിച്ചുപോരാനാവില്ല. يَحُولُ بَيْنَ ٱلْمَرْءِ وَقَلْبِهِۦ എന്നതിന് മനുഷ്യനും അവന്റെ മനസ്സിനുമിടയിൽ അല്ലാഹു ഉണ്ട് എന്നും ചിലർ അർഥം നൽകിയിട്ടുണ്ട്. അതായത് മനുഷ്യന്റെ വിചാരങ്ങളും കർമങ്ങളുമെല്ലാം നടക്കുന്നത് അല്ലാഹുവിന്റെ സാന്നിധ്യത്തിലാണെന്നോർക്കുക. മുടന്തൻ ന്യായങ്ങൾകൊണ്ട് അവന്റെ മുമ്പിൽ രക്ഷപ്പെടാമെന്ന് വ്യാമോഹിക്കേണ്ട. നിങ്ങൾ യഥാർഥത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതെന്താണെന്ന് അവൻ നോക്കിക്കാണുകയും രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ട്.

എല്ലാവരും അല്ലാഹുവിന്റെ മുന്നിൽ ഹാജരായി എല്ലാറ്റിനും സമാധാനം ബോധിപ്പിക്കേണ്ടിവരും എന്നതാണ് രണ്ടാമത്തെ താക്കീത്. പ്രവാചകസന്ദേശത്തോട് സ്വീകരിച്ച സമീപനത്തിന്റെ യാഥാർഥ്യം അപ്പോൾ വെളിവാക്കപ്പെടും. അത് അർഹിക്കുന്ന അനന്തരഫലം നിങ്ങൾ അനുഭവിക്കേണ്ടിയും വരും.

മനുഷ്യന്നും അവന്റെ മനസ്സിനുമിടയിൽ അല്ലാഹു മറയിടുന്നു എന്ന വാക്യത്തെയും ജബ്രികൾ (വിധിവാദികൾ) അവരുടെ സിദ്ധാന്തത്തിന് പ്രമാണമായി ഉന്നയിക്കാറുണ്ട്. അല്ലാഹു സന്മാർഗികളാക്കുന്നവരാണ് സന്മാർഗികളാകുന്നത്. അവൻ വഴിതെറ്റിക്കുന്നവരാണ് ദുർമാർഗികളാകുന്നത്. സന്മാർഗം വിധിച്ചവർക്ക് അവൻ ദുർമാർഗത്തിലേക്കുള്ള വഴിതടയുന്നു. ദുർമാർഗം വിധിച്ചവർക്ക് സന്മാർഗത്തിലേക്കുള്ള വഴിയും. അവരുടെ വീക്ഷണത്തിൽ അല്ലാഹുവിന്റെ ഈ നടപടി നീതിവിരുദ്ധമാകുന്നില്ല. ഒരു ബാധ്യത ലംഘിക്കുന്നതും അവകാശം ഹനിക്കുന്നതുമാണല്ലോ അനീതി. അല്ലാഹുവിന് ആരോടും ഒരു ബാധ്യതയുമില്ല. ആർക്കും അവനിൽ യാതൊരവകാശവുമില്ല. ഇഛിക്കുന്നതെന്തും പ്രവർത്തിക്കാൻ പൂർണ സ്വതന്ത്രനാണവൻ. സന്മാർഗം നൽകാനും നൽകാതിരിക്കാനുമുള്ള അവന്റെ സ്വാതന്ത്ര്യത്തിന്റെ സാക്ഷാത്കാരം മൂലമാണ്, അല്ലാതെ അവൻ ഉത്തരവാദിത്വം ലംഘിച്ചതുകൊണ്ടല്ല ചിലർക്ക് സന്മാർഗം വിലക്കപ്പെടുന്നത്.

ഇതിനെ ഖണ്ഡിച്ചുകൊണ്ട് മുഅ്തസിലുകൾ വാദിച്ചു: അല്ലാഹു ഒരാൾക്കും സത്യവിശ്വാസത്തിനുമിടയിൽ തടയിട്ടാൽ പിന്നെ അവന് വിശ്വാസം അസാധ്യമാകുന്നു. ഒരു സംഗതി സാധിക്കാത്തയാളോട് അത് കൽപിക്കുന്നത് യുക്തിവിരുദ്ധമാണ്. അഥവാ അത് യുക്തിയുക്തമാണെങ്കിൽ നമ്മോട് വാനലോകത്തേക്ക് കയറിച്ചെല്ലാനും അല്ലാഹുവിനു കൽപിക്കാം. എന്നാൽ 'നിന്ന് നമസ്കരിക്കാൻ സാധിക്കാത്ത രോഗിയോട് നിന്നു നമസ്കരിക്കണമെന്ന് അല്ലാഹു കൽപിക്കുന്നില്ല' എന്ന കാര്യത്തിൽ തകർക്കമില്ലല്ലോ. പിന്നെങ്ങനെയാണവൻ വിശ്വാസം വിലക്കപ്പെട്ടവനോട് വിശ്വസിക്കാൻ കൽപിക്കുക. അവൻ പറയുന്നതാകട്ടെ لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا (അല്ലാഹു ഒരാത്മാവിനോടും അതിന്റെ കഴിവിൽ കവിഞ്ഞത് കൽപിക്കുന്നില്ല) എന്നാണ്. മനുഷ്യനും മനസ്സിനുമിടയിൽ അല്ലാഹു മറയിടുന്നു എന്ന വാക്യത്തെ തന്റെ അടിമകളോട് വിശ്വാസം കൽപിച്ച ശേഷം അവൻതന്നെ അവർക്കതസാധ്യമാക്കുന്നു എന്ന അർഥത്തിലെടുക്കുന്നത് ഈ വാക്യത്തിനും വിരുദ്ധമാകുന്നു. സന്മാർഗത്തിൽനിന്നു പിന്തിരിയാനും ദുർമാർഗത്തിൽ ചരിക്കാനും മനുഷ്യൻ സ്വേഛാ തീരുമാനിക്കുകയാണ് എന്നത് അനിഷേധ്യമായ അനുഭവസത്യമാണ്. അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമം മനുഷ്യന് സ്വതന്ത്രമായി പ്രവർത്തിക്കാൻ സൗകര്യം നൽകുന്നുണ്ട്. അല്ലാഹു ആരെക്കൊണ്ടും ബലാൽക്കാരം യാതൊന്നും ചെയ്യിക്കുന്നില്ല. വിശദാംശങ്ങളിൽ ചില ഭിന്നതകളുണ്ടെങ്കിലും ഏതാണ്ടിതുതന്നെയാണ് അഹ്‌ലുസ്സുന്നത്തിന്റെയും നിലപാട്.

**25:** മുഴുവൻ സമൂഹത്തെയും മൊത്തത്തിൽ സംബോധന ചെയ്യുന്നതാണ് ഈ സൂക്തം. فِتْنَةً എന്ന മൂലപദത്തിന് കുഴപ്പം, പരീക്ഷണം, പീഡനം, നാശം, ഭ്രമം, മോഹാവേശം എന്നൊക്കെ അർഥമുണ്ട്. ഈ ആശയങ്ങളെല്ലാം ഉദ്ദേശിച്ചുകൊണ്ടാണ് ഇവിടെ فِتْنَةً ഉപയോഗിച്ചിരിക്കുന്നത്. വിശ്വാസികൾ സമൂഹത്തിന്റെ പൊതുക്ഷേമവും സമാധാനവും കാത്തുരക്ഷിക്കാൻ ബാധ്യസ്ഥരാണെന്നും അതിൽ വീഴ്ചവരുത്തുന്നത് അവരുടെ തന്നെ നാശത്തിനിടയാക്കുമെന്നും ഉണർത്തുകയാ

ണ്. അവതരണപശ്ചാത്തലത്തിൽ വെച്ച് വായിക്കുമ്പോൾ, സമൂഹത്തിന്റെ സുരക്ഷയെയും പൊതുക്ഷേമത്തെയും അവഗണിച്ചുകൊണ്ട് വ്യക്തിപരമായ ആത്മസംസ്കരണത്തിലും സ്വന്തം താൽപര്യങ്ങളുടെ സംരക്ഷണത്തിലും മാത്രം ഊന്നിനിന്ന് പ്രവർത്തിക്കുന്ന വിശ്വാസികളെ ഈ സൂക്തം പ്രത്യേകം സംബോധന ചെയ്യുന്നതായി കാണാം. ആളുകൾ എന്തും ചെയ്തുകൊള്ളട്ടെ, സമൂഹം എങ്ങോട്ടു വേണമെങ്കിലും പോയ്ക്കൊള്ളട്ടെ, അതൊന്നും നാം ശ്രദ്ധിക്കേണ്ടതില്ല. നമുക്ക് നമ്മുടെ ഈമാൻ രക്ഷിച്ചാൽ മതി, പാപങ്ങളിൽനിന്ന് അകന്ന് സ്വന്തം കാര്യങ്ങൾ നോക്കിയാൽ മതി. കൃത്യമായി നസ്കരിക്കുക, നോമ്പനുഷ്ഠിക്കുക. മുതലുണ്ടെങ്കിൽ സകാത്ത് കൊടുക്കുക, ഹജ്ജ് ചെയ്യുക, സ്വയം കക്കാതെയും കളവ് പറയാതെയും വഞ്ചിക്കാതെയും മറ്റുള്ളവരെ അക്രമിക്കാതെയും ജീവിക്കുക. അത്രയേ വേണ്ടൂ. അതിനപ്പുറം വല്ലവരും കക്കുകയോ കൊള്ളയടിക്കുകയോ അക്രമങ്ങൾ നടത്തുകയോ ചെയ്യുന്നുവെങ്കിൽ അതിലൊന്നും നമുക്ക് ഉത്തരവാദിത്വമില്ല. യുദ്ധങ്ങൾ, സമരങ്ങൾ, പൊതുക്ഷേമ സംരംഭങ്ങൾ ഇതിലൊന്നും പങ്കെടുക്കുക ദൈവികദീനിന്റെ ഭാഗമല്ല. രാഷ്ട്രീയം രാഷ്ട്രീയക്കാർക്ക്. ഭരണം ഭരണക്കാർക്ക്. വിശ്വാസികൾക്ക് അതിലൊന്നും ഒരു റോളുമില്ല. സാമൂഹികക്രമത്തിലുണ്ടാകുന്ന അട്ടിമറികളിലോ പരിസ്ഥിതി ദൂഷണത്തിലോ തലയിടുക വിശ്വാസികളുടെ ധർമമല്ല. ദീനിനെ ഇങ്ങനെ അരാഷ്ട്രീയവത്കരിക്കുകയും വ്യക്തിനിഷ്ഠമാക്കുകയും ചെയ്യുന്നവരോട് പറയുകയാണ്: സമൂഹത്തിലുയർന്നുവരുന്ന തിന്മകളെ നിങ്ങൾ അവഗണിച്ചുകൂടാ. സ്വന്തം സാധ്യതയും യോഗ്യതയുമനുസരിച്ച് തിന്മകൾ ദൂരീകരിക്കാനും സമൂഹത്തെ സംസ്കരിക്കാനും ശ്രമിക്കേണ്ടതുണ്ട്. കാരണം സമൂഹത്തിൽ ഒരു തിന്മ വേരോടിയാൽ അതിവേഗം പടർന്നുപിടിക്കും. പിന്നീട് ആ തിന്മകളിലൊന്നും ഏർപ്പെട്ടിട്ടില്ലാത്തവരും അതിന്റെ ഉത്ഭവത്തെയെയും വളർച്ചയെയും നിശ്ശബ്ദം നോക്കിനിന്നവരുമെല്ലാം അതിന്റെ അനന്തരഫലങ്ങൾക്കിരയാകുന്നതാണ്.

തിന്മകളെല്ലാം ഫിത്നകളാണ്. ഫിത്നക്ക് നിരവധി രൂപങ്ങളുണ്ട്. ചിലപ്പോൾ അത് വരുന്നത് തുറന്ന ശത്രുവിന്റെയും അക്രമത്തിന്റെയും രൂപത്തിലാണ്. ചിലപ്പോൾ ശത്രു മിത്രമായും അക്രമം ക്രമമായും വേഷം മാറിവരുന്നു. ചില ഫിത്നകൾ പ്രത്യക്ഷപ്പെടുന്നത് ഫാഷന്റെയും പരിഷ്കാരത്തിന്റെയും രൂപത്തിലാണെങ്കിൽ മറ്റുചിലത് കലകളുടെയും സാഹിത്യത്തിന്റെയും രൂപത്തിലാണ്. ഇനിയും ചിലത് പ്രത്യക്ഷപ്പെടുക പ്രത്യയശാസ്ത്രങ്ങളുടെയും സിദ്ധാന്തങ്ങളുടെയും രൂപത്തിലായിരിക്കും. പല ഫിത്നകളുടെയും ദുഷ്ഫലങ്ങൾ സമൂഹത്തെ മുഴുവനും, ചിലപ്പോൾ പിൻതലമുറകളെയും ഗ്രസിക്കുന്നു.

അൽപം ആലോചിച്ചു നോക്കിയാൽ ഇതിന് സമകാലീനമായ എത്രയോ ഉദാഹരണങ്ങൾ കാണാൻ കഴിയും. ലോകം ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന അസ്വസ്ഥതകൾ, അക്രമങ്ങൾ, അധർമങ്ങൾ, മാരകമായ പുതിയ പുതിയ രോഗങ്ങൾ, ഭൂമിയിലെ താപവർധന, കടൽക്ഷോഭങ്ങൾ, ഭൂഗർഭജലത്തിന്റെ ശോഷണം തുടങ്ങിയ മിക്ക വിപത്തുകളും ഓരോ ഫിത്നകളുടെ ഫലമാണ്.

നുഅ്മാനുബ്നു ബശീറിലൂടെ ബുഖാരിയും മുസ്ലിമും തിർമിദിയും ഉദ്ധരിച്ച ഒരു ഹദീസിൽ ഈ യാഥാർഥ്യം നബി(സ) ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: "അല്ലാഹുവിന്റെ പരിധികൾ പാലിക്കുന്നവരും ലംഘിക്കുന്നവരും ഒരു കപ്പലിൽ യാത്ര ചെയ്യുന്ന സംഘത്തെപ്പോലെയാണ്. അവർ നറുക്കിട്ടപ്പോൾ ഒരു വിഭാഗത്തിന് മുകൾത്തട്ടും മറ്റേ വിഭാഗത്തിന് അടിത്തട്ടും ലഭിച്ചു. അടിത്തട്ടിലുള്ളവർക്ക് വെള്ളം ആവശ്യമായാൽ മുകൾത്തട്ടിൽ കയറിവന്ന് മുക്കിയെടുക്കേണ്ടിയിരുന്നു. ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ അവരൊരു നിർദേശമുന്നയിച്ചു. ഞങ്ങൾ ഞങ്ങളുടെ സ്ഥാനത്ത് കപ്പലിന് ഒരു ദ്വാരമുണ്ടാക്കാം. എന്നാൽ ഞങ്ങൾക്ക് മുകൾത്തട്ടിലുള്ളവരെ ശല്യപ്പെടുത്തേണ്ടിവരില്ലല്ലോ. മുകൾത്തട്ടിലുള്ളവർ അവരെ അവരുടെ ഇംഗിതമനുസരിച്ച് പ്രവർത്തിക്കാൻ വിട്ടാൽ എല്ലാവരും ഒന്നിച്ചുനശിച്ചതുതന്നെ. അതല്ല, അവർ അടിത്തട്ടിലുള്ളവരുടെ കൈ പിടിക്കുകയാണെങ്കിൽ അവരും മറ്റുള്ളവരും രക്ഷപ്പെട്ടു." സൈനബ് ബിൻത് ജഹ്ശിൽനിന്ന് ഇമാം മുസ്ലിം ഉദ്ധരിക്കുന്നു: "അവർ ഒരിക്കൽ നബി(സ)യോട് ചോദിച്ചു: ഞങ്ങൾക്കിടയിൽ സജ്ജനങ്ങളുണ്ടായിരിക്കുമ്പോൾ ഞങ്ങൾ നശിപ്പിക്കപ്പെടുമോ പ്രവാചകരേ? നബി(സ) പറഞ്ഞു: നശിപ്പിക്കപ്പെടും; മ്ലേഛവൃത്തികൾ പെരുകിയാൽ." ഇമാം തിർമിദി ഉദ്ധരിക്കുന്നു: "ജനങ്ങൾ ഒരക്രമിയെ കാണുമ്പോൾ അവന്റെ കൈപിടിക്കുന്നില്ലെങ്കിൽ അല്ലാഹുവിൽനിന്നുള്ള ഒരു ശിക്ഷ ആ ജനത്തെ ഒന്നടങ്കം ഗ്രസിക്കാൻ പോകുന്നുവെന്നതിന്റെ ലക്ഷണമാണത്." ഒരു തിന്മ കണ്ടാൽ കഴിയുമെങ്കിൽ കൈകൊണ്ട് അല്ലെങ്കിൽ വാക്കുകൊണ്ട് അതിനും കഴിയുന്നില്ലെങ്കിൽ മനസ്സുകൊണ്ടെങ്കിലും അതിനെ ചെറുക്കേണ്ടത് വിശ്വാസിയുടെ ബാധ്യതയാണ് എന്ന നബിവചനം സുവിദിതമാണല്ലോ.

ഈ സൂക്തത്തെ തൊട്ടുമുമ്പുള്ള സൂക്തവുമായി ചേർത്തുവായിക്കുമ്പോൾ ഈ രണ്ട് സൂക്തവും രണ്ടുതരം ആളുകളെയാണ് പരാമർശിക്കുന്നതെന്ന് മനസ്സിലാകും. അധരം കൊണ്ട് വിശ്വാസം വാദിക്കുമെങ്കിലും സത്യവിശ്വാസത്തിന്റെ താൽപര്യങ്ങൾ നിറവേറ്റാനുള്ള നിശ്ചയദാർഢ്യമോ ആത്മധൈര്യമോ ഇല്ലാത്തവരാണ് ഒരു കൂട്ടർ. അത്തരം ആളുകൾ അവരുടെ നിലപാട് പുനഃപരിശോധിക്കുകയും സ്വയം സംസ്കരിക്കുകയും ചെയ്യുന്നില്ലെങ്കിൽ ക്രമേണ സത്യത്തിലേക്കും ധർമത്തിലേക്കും തിരിച്ചുവരാനാവാത്ത ഒരു പതനത്തിലാണെത്തിച്ചേരുകയെന്ന് താക്കീത് ചെയ്തിരിക്കുകയാണ് മുൻ സൂക്തം. രണ്ടാമത്തെ വിഭാഗം സത്യവിശ്വാസം ഉൾക്കൊണ്ടിട്ടുണ്ടെങ്കിലും അതിനെ സ്വകാര്യ ജീവിതത്തിൽ ഒതുക്കി നിർത്താനാഗ്രഹിക്കുന്നവരാണ്. വിശ്വാസത്തിന്റെ പേരിൽ അക്രമങ്ങളോടും അധർമങ്ങളോടും ഏറ്റുമുട്ടാനോ മറ്റുള്ളവരുടെ അതൃപ്തി ഏറ്റുവാങ്ങാനോ അവർ തയാറല്ല. അവർക്കുള്ള മുന്നറിയിപ്പാണീ സൂക്തം. സമൂഹത്തിൽ ഒരു തിന്മ പരന്നാൽ അതിന്റെ ദുഷ്ഫലം അതു പരത്തിയവർ മാത്രമല്ല അനുഭവിക്കേണ്ടിവരിക. വിശ്വാസികളായ നിങ്ങളടക്കം എല്ലാവരും അതിനിരകളായിത്തീരും. അതിനാൽ അത്തരം തിന്മകൾ കഴിവനുസരിച്ച് തടയാൻ ശ്രമിക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയാണ്. ശ്രമം വിജയിച്ചാലും ഇല്ലെങ്കിലും ശ്രമിക്കുക എന്ന ബാധ്യത നിർവഹിക്കപ്പെട്ടിരിക്കണം- അത് ആര് തൃപ്തിപ്പെട്ടാലും ശരി, വെറുത്താലും ശരി.

കർമഫലത്തിന്റെ ഭൗതികവും പാരത്രികവുമായ ഫലങ്ങളുടെ അനിവാര്യതയാണ് وَٱعۡلَمُوٓاْ أَنَّ ٱللَّهَ شَدِيدُ ٱلۡعِقَابِ (അല്ലാഹു കൊടിയ ശിക്ഷകനാകുന്നു) എന്ന വാക്യത്തിലൂടെ അവതരിപ്പിക്കുന്നത്. അല്ലാഹുവിന്റെ നിയമങ്ങൾ പദാർഥങ്ങളിലെന്ന പോലെ ധർമങ്ങളിലും അലംഘ്യമാകുന്നു. ദുഷിച്ച വായു ശ്വസിക്കുന്നവൻ ആവശ്യമായ മുൻകരുതലെടുത്തില്ലെങ്കിൽ അനിവാര്യമായും അതിന്റെ ദോഷമനുഭവിക്കേണ്ടിവരും. അതുപോലെ ദുഷിച്ച ചുറ്റുപാടുകളിൽ ജീവിക്കുന്നവർ, ആ ചുറ്റുപാടിന്റെ ദോഷങ്ങൾ ഏശാതിരിക്കാൻ സൂക്ഷ്മത പാലിച്ചില്ലെങ്കിൽ, അതിന്റെ ദൗഷ്ട്യങ്ങൾ അവരെയും ബാധിക്കാതിരിക്കില്ല. ചുറ്റുപാടിന്റെ ദോഷങ്ങളെ മനസ്സാ വാചാ കർമണാ ചെറുത്തുകൊണ്ടിരിക്കുക എന്നതാണ് അതിനെതിരായി സ്വീകരിക്കാവുന്ന ഏറ്റവും ഫലപ്രദമായ പ്രതിരോധം. പ്രതിരോധം സ്വീകരിക്കാത്തവർ രോഗത്തിനടിപ്പെടുകയെന്നത് അല്ലാഹുവിന്റെ അലംഘ്യമായ നിയമമാണ്. ■